**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3506** | **12-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നഗരത്തിൽ തരിശുഭൂമികൾ കണ്ടെത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നഗരത്തിൽ കൃഷിക്കനുയോജ്യമായ തരിശുഭൂമികൾ കണ്ടെത്തുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് നഗരത്തിൽ കൃഷിക്കനുയോജ്യമായ തരിശുഭൂമികൾ കണ്ടെത്തുന്നതിന് കാർഷിക കൂട്ടായ്മകൾ രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ഇത്തരത്തിൽ തരിശുഭൂമി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ വിരിപ്പിൽ 10 ഹെക്ടർ, പൂളക്കടവ് 2 ഹെക്ടർ, പാറോപ്പടി 2 ഹെക്ടർ എന്നീ സ്ഥലങ്ങൾ ഇത്തരത്തിൽ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | നഗരങ്ങളിൽ കാർഷികപുരോഗതിക്ക് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പരിഗണന നൽകുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | നഗരങ്ങളിൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നിലവിൽ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരിമിതമായ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ വീട്ടുവളപ്പുകളും, ലഭ്യമായ സ്ഥലം പച്ചക്കറിക്കൃഷിയിലേക്ക് കൊണ്ടു വരികയും സുരക്ഷിത ഭക്ഷണം ഓരോ വീട്ടുവളപ്പുകളും ലഭ്യമാക്കി ഓരോ കുടുംബത്തിനും ആവശ്യമായ പോഷകത്തോട്ടങ്ങൾസ്ഥാപിക്കുവാനുള്ള ഘടകം പച്ചക്കറി വികസന പദ്ധതിയിലും, പുതിയതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന 'സമ്പൂർണ്ണ പച്ചക്കറി ഉല്പാദന യജ്ഞത്തിലും' ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലക്കുറവുമൂലം കൃഷി ചെയ്യാൻ ബുദ്ധിമുട്ടുള്ള കുടുംബങ്ങൾക്ക് മട്ടുപ്പാവുകളും ഫ്ളാറ്റിലെ ബാൽക്കണികളിലും മൺചട്ടികളിലോ HDPE ചട്ടികളിലോ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സർക്കാരിതിര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ, പ്രൊജക്റ്റ് അധിഷ്ഠിത പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നുണ്ട്. സ്ഥല ലഭ്യതയുള്ള നഗരപ്രദേശങ്ങളിൽ മറ്റു വിളയാധിഷ്ഠിതവും ഫാം പ്ലാൻ അധിഷ്ഠിത പദ്ധതി ഘടകങ്ങളും പ്രോത്സാഹിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ച് വരുന്നു. കൃഷിവകുപ്പിന്റെ സംസ്ഥാന ആവിഷ്കൃതവും കേന്ദ്ര ആവിഷ്കൃതവും ആയ എല്ലാ |

| | | | |
|---|---|---|---|
| | | | പദ്ധതികളും നഗരങ്ങളിലും സ്ഥല ലഭ്യത അനുസരിച്ച് നടപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ